<u>അടിയന്തരപ്രമേയം</u>

<u>കാട്ടാക്കടയിലെ റോഡപകടം</u>

<u>മി. സ്പീക്കർ</u> : അമിതവേഗവും മദ്യപിച്ചുള്ള ഡ്രൈവിംഗും ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾ കർശനമായി തടയുന്നതിലെ വീഴ്ചകളും അശാസ്ത്രീയമായ റോഡ് നിർമ്മാണവും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാത്തതിനാലും സംസ്ഥാനത്താകെ റോഡപകടങ്ങളും അപകടമരണങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ഇ. പി. ജയരാജൻ, വി. എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: സർ, 16-06-2014 രാവിലെ 7.40-ഓടെ കുളത്തുമ്മൽ എൽ.പി. സ്കൂളിന് സമീപം നെടുമങ്ങാട് മോഹൻദാസ് എഞ്ചിനീയറിംഗ് കോളേജിലെ KL 01 Z 1825 നമ്പർ ബസ് അശ്രദ്ധമായി പുറകിലോട്ടെടുത്തപ്പോൾ കാട്ടാക്കട കുറ്റിച്ചൽ റോഡിൽക്കൂടി ഓടിച്ചുപോയ KL 01 Z 665 നമ്പർ മോട്ടോർ സൈക്കിളിൽ ഇടിക്കുകയും മേൽപ്പടി മോട്ടോർ സൈക്കിളിൽ സഞ്ചരിച്ചിരുന്ന പൂജപ്പുര പോലീസ് സ്റ്റേഷനിലെ സീനിയർ പോലീസ് ഓഫീസർ അജയ്കുമാർ, ഭാര്യ രാധിക, പെൺമക്കളായ ഭദ്ര, ഭവ്യ എന്നിവർക്ക് ഗുരുതരമായി പരിക്കേൽക്കു

കയും ചെയ്തു. ഇവരിൽ രാധികയും ഭവ്യയും സംഭവ സ്ഥലത്തുവച്ചുതന്നെ മരണപ്പെടുകയും ചെയ്തു. അജയകുമാറിനും ഭദ്രയ്ക്കും ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലാണ്. മോഹൻദാസ് എഞ്ചിനീയറിംഗ് കോളേജ് ബസ് ഓടിച്ചിരുന്ന നെടുമങ്ങാട് ചുള്ളിമാനൂർ സ്വദേശി മധുകുമാറിനെതിരെ കാട്ടാക്കട പോലീസ്, ഐ.പി.സി. 304 അനുസരിച്ച് കേസ് എടുത്തിട്ടുണ്ട്. മധുകുമാർ മദ്യപിച്ചിരുന്നതായി ബോദ്ധ്യപ്പെടുകയും മെഡിക്കൽ പരിശോധനയ്ക്ക് വിധേയനാക്കുകയും മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതി മധുകുമാർ ഇപ്പോൾ കസ്റ്റഡിയിലാണ്. ബസ്സിന്റെ പെർമിറ്റ്, ഡ്രൈവറുടെ ലൈസൻസ്, വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികളും മറ്റ് നടപടികളും സ്വീകരിക്കുന്നതാണ്. ഈ ദാരുണമായ സംഭവത്തിൽ ഞാൻ ദു:ഖം രേഖപ്പെടുത്തുകയാണ്. ഒരു കാരണവശാലും ഈ അപകടം ഉണ്ടാകരുതായി രുന്നു. ഉണ്ടായിക്കഴിഞ്ഞപ്പോൾ നമുക്ക് ചെയ്യാൻ കഴിയുന്നത് നിയമപരമായ നടപികളെടുക്കുക എന്നുള്ളതാണ്. ഇതാണ് യഥാർത്ഥത്തിൽ ഉണ്ടായ സംഭവം. ഇനി അടിയന്തരപ്രമേയം അവതരിപ്പിച്ച് സംസാരിച്ചതിനു ശേഷം കൂടുതൽ വിശദാംശങ്ങൾ പറയാം.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ, ഇന്നലെ രാവിലെ കാട്ടാക്കട കുളത്തുമ്മൽ എൽ. പി. സ്കൂളിന് സമീപമാണ് അതിദാരുണമായ അപകടത്തിൽ 43 വയസ് പ്രായമുള്ള രാധികയും 7 വയസ്സുള്ള മകൾ ഭവ്യയും അതിദയനീയമാംവിധം മരണപ്പെട്ടത്. പൂജപ്പുര പോലീസ് സ്റ്റേഷനിലെ സീനിയർ പോലീസ്

ഓഫീസറായ അജയകുമാറും ഭാര്യയും മൂത്തമകൾ ഭദ്രയേയും രണ്ടാമത്തെ മകൾ ഭവ്യയേയും കുട്ടികൾ പഠിക്കുന്ന സ്കൂളിൽ വിട്ട് ജോലി സ്ഥലത്തേയ്ക്ക് പോകുന്നതിന് യാത്ര ചെയ്യുകയായിരുന്നു. സ്കൂളിന്റെ ഏതാണ്ട് 25 മീറ്റർ അടുത്തെത്തിയപ്പോഴാണ് സ്വകാര്യ എഞ്ചിനീയറിംഗ് കോളേജ് ബസ് അശ്രദ്ധയോടുകൂടി പിന്നോട്ട് വന്ന് മോട്ടോർ സൈക്കിളിന്റെ മുകളിൽ കയറിയത്. രാധികയുടെ ശരീരത്തിലേയ്ക്ക് ബസ്സിന്റെ പിൻചക്രം കയറി തലച്ചോറ് ചിന്നിച്ചിതറിപ്പോയി. അതിനുശേഷവും മോട്ടോർ സൈക്കിളിനേയും വലിച്ച് ബസ് കുറേദൂരം ഓടി. അവിടെയുണ്ടായിരുന്ന ഓട്ടോറിക്ഷ ഡ്രൈവർമാരും മറ്റും ഓടിയെത്തി, ശ്രമകരമായി ബസ്സിനടിയിൽപ്പെട്ടിരുന്ന അജയകുമാറിനേയും മൂത്ത മകൾ ഭദ്രയേയും രക്ഷിച്ചു. അതിദാരുണമായ ഈ സംഭവം കാട്ടാക്കടയിൽ ഉണ്ടായ ഒറ്റപ്പെട്ട ഒന്നല്ല. നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി റോഡപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. റോഡപകടങ്ങളുടെ നില നോക്കിയാൽ ഒരു വർഷം ഏകദേശം 4500-ൽപ്പരം ആളുകൾ റോഡപകടത്തിൽ മരണപ്പെടുകയാണ്. മരണപ്പെടുന്നതിൽ 67 ശതമാനവും 45 വയസ്സിന് താഴെ പ്രായമുള്ള യുവജനങ്ങളാണ്. ഇതിൽ പ്രധാനവും മോട്ടോർ സൈക്കിൾ ആക്സിഡന്റുകളാണ്. ആക്സിഡന്റിന്റെ കാര്യം വിശദമായി പരിശോധിച്ചാൽ, പ്രധാനമായും ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ മദ്യപിച്ചും ഉറക്കമൊഴിഞ്ഞും അശ്രദ്ധയോടും വാഹനം ഓടിക്കുന്നതാണ്. അതുപോലെത്തന്നെയാണ് റോഡിന്റെ ശോചനീയവാസ്ഥ. കേരളത്തിലെ റോഡുകളാകെയെടുത്താൽ, രണ്ടുവരിപ്പാതയുള്ളത് എൻ. എച്ച്.-ലാണ്. 2 ലക്ഷം കിലോമീറ്റർ ദൈർഘ്യമുള്ളതാണ് സംസ്ഥാനത്തിലെ

റോഡ്. അതിൽ 26000 കിലോമീറ്റർ റോഡാണ് ഗതാഗത സൗകര്യമുള്ളത്. 5000 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് സംസ്ഥാനപാത. സംസ്ഥാന പാതയിൽ മിക്കവാറും പ്രദേശങ്ങളും രണ്ടുവരിപ്പാതയല്ല. റോഡിൽക്കയറിയുള്ള കച്ചവടങ്ങളും ബസ് ഷെൽട്ടറുകളും വാഹന പാർക്കിംഗുമുണ്ട്. പട്ടണങ്ങളിൽ മുഴുവൻ ഏര്യയിലും വാഹന പാർക്കിംഗാണ്. ട്രാൻസ്പോർട്ട് നിയമങ്ങൾ പാലിക്കേണ്ട എന്നുള്ള അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഇതിന്റെയൊക്കെ ഫലമായി അപകടങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് വാഹനാപകടത്തിന്റെ കണക്കെടുത്താൽ 2005-ൽ ഏകദേശം 42363 വാഹനാപകടങ്ങൾ ഉണ്ടായി. എന്നാൽ 2007-ൽ അത് 38976 എണ്ണമായും 2008-09 വർഷത്തിൽ 36694 എണ്ണമായും 2009-10-ൽ 35633 എണ്ണമായും കുറഞ്ഞു. എന്നാൽ 2012-13-ൽ 37204 ആയി വർദ്ധിച്ചിരിക്കുകയാണ്. ഇപ്പോൾ റോഡ് അപകടങ്ങൾ വർദ്ധിക്കുകയാണ്. റോഡപകടങ്ങളിൽ പരിക്ക് പറ്റുന്നവരുടെ കണക്കെടുത്താൽ 50000-ൽപ്പരം ആളുകൾക്ക് മാരകമായിട്ടുള്ള പരിക്കും അംഗവൈകല്യങ്ങളും ശാരീരികമായിട്ടുള്ള പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. 2013-ൽ മാത്രം ഏതാണ്ട് 40346 ആളുകൾക്ക് അപകടങ്ങളിൽ പരിക്കേൽക്കുകയുണ്ടായി. റോഡപകടങ്ങളിൽ മരിച്ചവരുടെ കണക്കെടുത്താൽ, 2007-ൽ 3778-ഉം 2008-ൽ 3901-ഉം 2010-ൽ 3950-ഉം 2011-ൽ 4145-ഉം 2012-ൽ 4256-ഉം 2013-ൽ 4258-ഉം പേരാണ് അപകടത്തിൽ മരിച്ചത്. അപകടങ്ങളും അപകട മരണങ്ങളും പരിക്കുകളും മറ്റു പ്രശ്നങ്ങളും വർദ്ധിച്ചുവരികയാണ്. ഇതിന്റെ പ്രധാന കാരണങ്ങൾ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ റോഡിന്റെ ശോചനീ

യാവസ്ഥയാണ്. വാഹനങ്ങളുടെ എണ്ണവും പെരുകുയാണ്. അതിനനുസരിച്ച് ഗതാഗത സാദ്ധ്യത വർദ്ധിക്കുകയോ മെച്ചപ്പെട്ട നിലയിലേയ്ക്ക് റോഡുകളുടെ നിലവാരം ഉയർത്തുകയോ ചെയ്യുന്നില്ല. 2005–ൽ 30 ലക്ഷം വാഹനങ്ങളാണ് സംസ്ഥാനത്തുണ്ടായിരുന്നത്. 2007–08 ആകുമ്പോഴേയ്ക്കും അത് 4442387 ആയി വർദ്ധിച്ചു. 2013–ൽ മാത്രം ഏതാണ്ട് 1157416 വാഹനങ്ങൾ രജിസ്റ്റർ ചെയ്തു. 2013–ലെ മൊത്തം വാഹനങ്ങളുടെ എണ്ണം 8048673 ആണ്. ഇപ്പോഴത്തെ കണക്കനുസരിച്ച് ഒരു ദിവസം ഏതാണ്ട് 600 വാഹനങ്ങൾ രജിസ്റ്റർ ചെയ്യുകയാണ്. NATPAC–ന്റെ കണക്കനുസരിച്ച് ഇങ്ങനെയുണ്ടാകുന്ന പ്രശ്നങ്ങളിൽ, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടക്കുന്നില്ല എന്നതാണ്. റോഡുകൾ ബി.എം. ആന്റ് ബി.സി. ചെയ്ത് ഗതാഗതയോഗ്യമാക്കത്തക നിലയിലുള്ള നടപടികൾ വേണ്ടത്ര ഉണ്ടാകുന്നില്ല.

നാലുവരിപ്പാത നമ്മുടെ അദ്ധ്യായത്തിലേയില്ല, രണ്ടുവരിപ്പാതകളിലായാണ് നമ്മുടെ സഞ്ചാരം. ഇതിന്റെയൊക്ക ഫലമായി നമ്മുടെ നാട്ടിലെ റോഡുകളുടെ വികസന സാദ്ധ്യത വർദ്ധിക്കുന്നില്ല, വാഹനങ്ങൾ പെരുകുന്നു, ജനങ്ങൾ പെരുകുന്നു, വ്യാപാരങ്ങൾ വർദ്ധിക്കുന്നു, ഗ്രാമീണ മേഖലതന്നെ പുതിയപുതിയ ചെറിയ പട്ടണങ്ങളായി വികസിക്കുന്നു. ഇതിനനുസരിച്ചുള്ള വികസന സാധ്യതകൾ വരാതിരിക്കുന്നത് വാഹനങ്ങൾ തിങ്ങിനിറഞ്ഞുനിൽക്കുന്നതിന് കാരണമാകുന്നു. നമ്മുടെ പ്ലാനിംഗിന്റെ പോരായ്മയാണിത്. കേരളത്തിൽ എവിടെയാണ് വാഹനങ്ങൾ പാർക്കുചെയ്യാനുള്ള സൗകര്യമുള്ളത്? ഏതെങ്കിലും കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റി

യിലും പഞ്ചായത്തുകളിലും ഫലപ്രദമായിട്ടുള്ള പാർക്കിംഗ് സംവിധാനമുണ്ടോ? ഒരു പ്ലാനിംഗ് ഉണ്ടോ; അതിനെക്കുറിച്ച് വല്ല ചർച്ചകളും ആലോചനകളുമുണ്ടോ? ആസൂത്രണ ബോർഡിന്റെ കാര്യങ്ങൾ ശ്രീ. കെ. സി. ജോസഫ് ഇവിടെ ~~കുറെ~~ വിശദീകരിക്കും, പക്ഷെ നമ്മുടെ നാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനായി പുതിയ ആസൂത്രണ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ നിങ്ങൾ ഇന്നത്തെ ഈ സാഹചര്യങ്ങൾക്കനുസരിച്ച് എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്? ഫലപ്രദമായ പരിശോധനകളും സജ്ജീകരണങ്ങളും ആസൂത്രണങ്ങളും ഇല്ലാത്തതിന്റെ ഫലമായി വലിയ തോതിൽ റോഡപകടങ്ങളുണ്ടാകുന്നു. ഇവിടെ ശ്രീ. ഋഷിരാജ് സിംഗിനെ നിങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണറായി നിയമിച്ചു, അദ്ദേഹം കുറേക്കാര്യങ്ങൾ ചെയ്തു. അതിന്റെ ഫലവുമുണ്ടായിട്ടുണ്ട്. ഇപ്പോൾ എന്തോ ഒരു അസ്വാരസ്യംകൊണ്ട്, ബാക്ക്സീറ്റിലിരിക്കുന്ന ആൾ സീറ്റ് ബെൽറ്റ് ധരിക്കണമെന്ന പ്രശ്നത്തിന്റെ പേരിൽ നിങ്ങളുമായി തെറ്റി. അങ്ങനെ തെറ്റേണ്ടതല്ല, ഇത്തരത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ചചെയ്ത് നാടിന്റെ പ്രശ്നമാണെന്നുള്ള നിലയിൽ രമ്യമായി പരിഹാരം കാണേണ്ടതാണ്. ഇവിടെ പട്ടണപ്രദേശങ്ങളിലും മറ്റും വലിയതോതിലുള്ള യാത്രാക്കുരുക്കുകളാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ വാഹനത്തിൽ സഞ്ചരിക്കുന്നവർ എത്രമണിക്കൂറാണ് യാത്രാക്കുരുക്കിൽപ്പെടുന്നത്? ഇതിന് പരിഹാരം വേണ്ടേ; എന്തെങ്കിലുമൊരു പരിഹാരമുണ്ടോ, എന്തെങ്കിലുമൊരു ആസൂത്രണമുണ്ടോ? അങ്ങനെ, വാഹനക്കുരുക്കുകൾ, വാഹനങ്ങൾ കൃത്യമായി ഓടാൻ കഴിയാത്തത്, ഉള്ള സമയങ്ങളിൽതന്നെ അമിതമായ വേഗത, ഇതിന്റെ ഫലമായിട്ടുള്ള അപകടങ്ങൾ എന്നിവ ധാരാളമായി ഉണ്ടാകുന്നു. ജനങ്ങൾക്ക് സ്വൈര്യമായി നടന്നുപോകാനുള്ള പാതയില്ല,

അതുകൊണ്ട് റോഡ് മുറിച്ചുകടക്കുമ്പോൾ അപകടം സംഭവിക്കുന്നു. റോഡ് മുറിച്ച് കടക്കുമ്പോൾ മരിക്കുന്നവരുടെ എണ്ണം എത്രയോ കൂടിക്കൊണ്ടിരിക്കുകയാണ്. വഴിയാത്രക്കാർ മോട്ടോർ വെഹിക്കിൾ ആക്സിഡന്റിൽ മരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനു പരിഹാരമുണ്ടാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് സാധിക്കുന്നില്ല. ഇതിനുവേണ്ടി കൊച്ചിൻ മെട്രോയുടെ ശ്രീ. ഇ. ശ്രീധരൻ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടും ഇതൊന്നും നിങ്ങൾ നടപ്പിലാക്കുന്നില്ല. ഇതിന്റെയൊക്കെ ഫലമായി റോഡിന്റെ നിലവാരത്തിന് തകർച്ച സംഭവിക്കുന്നുണ്ട്, അത് പരിഹരിക്കണം. റോഡ് മെറ്റൽ ചെയ്ത് ബി.എം. ആന്റ് ബി.സി. ചെയ്തുകൊണ്ടിരിക്കുമ്പോൾ ബി.എസ്.എൻ.എൽ.-ഉം ഇലക്ട്രിസിറ്റി വകുപ്പും കേബിൾ ലൈനിടുന്നതിനുവേണ്ടി റോഡ് മുഴുവൻ കുഴിച്ചിടുന്നു. പൈപ്പ് ലൈൻ ഇടുന്നതിനുവേണ്ടി റോഡിന്റെ ഇരുവശങ്ങളിലും പ്രത്യേകമായിട്ടുള്ള വർക്ക് ആരംഭിക്കുന്നു. ഇതിന്റെയൊക്കെ ഫലമായി റോഡുകൾ വേഗത്തിൽ തകരാറിലാവുകയാണ്. കാലോചിതമായ നിലയിൽ നമ്മുടെ കാലാവസ്ഥയ്ക്കനുസരിച്ച് ശാസ്ത്രീയമായ ഒരു കാഴ്ചപ്പാടോടുകൂടി റോഡ് നിർമ്മാണരംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. അതിന് ഫലപ്രദമായ ആസൂത്രണമില്ല. ഇതിന്റെയൊക്കെ ഫലമായി ഗതാഗത രംഗത്ത് അനിയന്ത്രിതമായ നടപടികൾ അത്യാവശ്യമാണ്. ഇപ്പോൾ മദ്യപാനികൾ മോട്ടോർ വെഹിക്കിൾസ്, ബസ് തുടങ്ങിയവ ഓടിച്ച് അപകടമുണ്ടാക്കുക എന്നിങ്ങനെ എന്തും നടത്താമെന്നൊരവസ്ഥ വന്നിരിക്കുകയാണ്. ഇതിനുപരിഹാരമുണ്ടാക്കാൻ ശക്തമായ ഇടപെടലാണാവശ്യം. ആ ഇടപെടൽ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നില്ല. അതുകൊണ്ട് എത്രയോ മനുഷ്യരുടെ

വിലപ്പെട്ട ജീവൻ തെരുവുകളിലും റോഡുകളിലും പൊലിഞ്ഞുകൊണ്ടിരിക്കുന്നു. അതിന് പരിഹാരമുണ്ടാക്കാൻ തീർച്ചയായും സാധിക്കണം. ഇന്നലെ മരണപ്പെട്ട രാധിക, മകൾ ഭവ്യ എന്നിവരുടെ അതിദാരുണമായ അപകടം, കേരളം മുഴുവൻ നടന്നുകൊണ്ടിരിക്കുന്നതായ അപകടം ഇത്തരമൊരു അപകടം ഇല്ലായ്മ ചെയ്യാൻ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് അടിയന്തരമായി ആലോചിച്ച് നടപടി സ്വീകരിക്കണം. നമ്മുടെ റോഡുകൾ ഗതാഗതയോഗ്യമാക്കണം. റോഡുകളിൽ അറ്റകുറ്റപ്പണിയെന്നപേരിൽ നടന്നുകൊണ്ടിരിക്കുന്ന, തെറ്റായ, അശാസ്ത്രീയമായ നിലപാടുകൾ ഉപേക്ഷിക്കാനും ഫലപ്രദമായി ഇടപൊടാനുമാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് കേരളത്തിന്റെയാകെ ഗതാഗതപ്രശ്നവും ജനങ്ങളുടെ ജീവൽപ്രശ്നവുമാണ്, അപകടങ്ങൾ കൊണ്ടു പൊലിഞ്ഞുപോകുന്നവരുടെ ജീവൻ രക്ഷിക്കുന്നതിനുള്ള വിഷയമാണ്. ഇതിന്റെ നാനാവശങ്ങൾ നമ്മൾ പരിശോധിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെയാണ് ഈ സഭ നിറുത്തിവച്ച് ഈ വിഷയം ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാനാവശ്യപ്പെടുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങുപറഞ്ഞ പൊതുവികാരത്തോട് ഞാൻ യോജിക്കുകയാണ്. കാരണം റോഡുകൾ നന്നാവണമെന്നും ആക്സിഡന്റുകളുടെ എണ്ണം കുറയ്ക്കണമെന്നും നാട്ടിലെല്ലാപേർക്കും സന്തോഷകരമായി ജീവിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്നുമുള്ള അങ്ങയുടെ പൊതുവികാരത്തോട് ഞാൻ യോജിക്കുകയാണ്.

പക്ഷെ, അങ്ങ് സംസാരിച്ചതിനകത്ത് ഫാക്ച്യുലായ ചില വ്യത്യാസങ്ങളുണ്ട്. അത് സ്വാഭാവികമാണ്. അടിയന്തരപ്രമേയമവതരിപ്പിക്കുമ്പോൾ ചിലപ്പോൾ അങ്ങനെയൊക്കെ വന്നുവെന്നിരിക്കാം. ഇവിടെ വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുകയാണ്. വാഹനങ്ങളുടെ എണ്ണം 1960-ലുണ്ടായിരുന്ന കണക്ക് വച്ചുനോക്കുമ്പോൾ ഇന്നിപ്പോൾ 82 ലക്ഷത്തോളം വാഹനങ്ങളാണ് കേരളത്തിലെ റോഡുകളിലോടിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വാഹനങ്ങളുടെ എണ്ണത്തെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. കേരളത്തിന് പുറത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിലെ റോഡുകളിലോടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾകൂടി കൂട്ടുമ്പോൾ 82 ലക്ഷത്തോളം വാഹനങ്ങളാണ് കേരളത്തിലോടുന്നത്. 1990-ൽ 6 ലക്ഷം വാഹനങ്ങളാണുണ്ടായിരുന്ന സ്ഥാനത്താണ് ഇപ്പോൾ 82 ലക്ഷമായത്. അതു കൊണ്ടുണ്ടാകുന്ന വളരെ പ്രധാനപ്പെട്ട പല പ്രശ്നങ്ങളുമുണ്ട്. വാഹനങ്ങളിൽ ഏറ്റവും കൂടുതൽ അതായത് 65 ശതമാനവും റ്റു-വീലറുകളാണ്. അത് വേറൊരു പ്രധാനപ്പെട്ട പ്രശ്നമായി വരികയാണ്. അതിനു വേണ്ടിയുള്ള ചില നടപടികളും ഞങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റ് ഈ കാര്യത്തിലൊക്കെ ജനങ്ങളോട് വളരെ സ്നേഹമുള്ള തരത്തിലുള്ള നടപടികൾ മാത്രമേ എടുക്കുകയുള്ളൂ. ഇന്നലെത്തന്നെ ഈ സംഭവമുണ്ടായപ്പോൾ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രി, പഞ്ചായത്തുവകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ, ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ എന്നിവരെല്ലാം ആ വീട്ടിൽ പോയിരുന്നു. ഡെപ്യൂട്ടി സ്പീക്കർ എന്നോടുതന്നെ ഈ കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയും ചെയ്തിരുന്നു. നമുക്ക് മനുഷ്യസഹജമായി ചെയ്യാൻ

കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ സാധിക്കും. അതോടൊപ്പമാണ് ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഈ കുറ്റം ചെയ്തവർക്കെതിരായിട്ടുള്ള ശക്തമായ നടപടിയെടുക്കുന്നതിനുവേണ്ടിയുള്ള നിലയിലേയ്ക്ക് പോയത്. ആക്സിഡന്റിന്റെ റേറ്റ് നോക്കിയാൽ, നേരത്തെ അങ്ങ് പറഞ്ഞ കണക്കിനെയൊന്നും ഞാൻ ഡിസ്പ്യൂട്ട് ചെയ്യുന്നില്ല, പക്ഷെ ഒരു ആൾ ഇൻഡ്യാ ആവറേജ് നോക്കുമ്പോൾ കേരളത്തിലെ ആക്സിഡന്റുകളുടെ എണ്ണം കുറച്ചുകൂടി കുറവാണ്. അപകടമരണ നിരക്ക് 2012-നെ അപേക്ഷിച്ച് 2013-ൽ കുറഞ്ഞിട്ടുണ്ട്. ഏതാണ്ട് 105 മരണങ്ങൾ കുറഞ്ഞിട്ടുണ്ടെന്നാണ് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് എനിക്കുകിട്ടിയിരിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. പോലീസിന്റെ കൈവശം വേറൊരു കണക്കുണ്ട്, അതിലും എണ്ണം കുറഞ്ഞതായിട്ടാണ് കാണിക്കുന്നത്. ഈ ഫേറ്റൽ ആക്സിഡന്റ് എന്നുള്ള നിലയിൽനിന്ന് മരണം സംഭവിക്കുന്ന ആളുകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവിടെ വേറെ ചില കാര്യങ്ങൾകൂടി നമ്മളിപ്പോൾ ചെയ്യുന്നുണ്ട്. ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകുന്നുണ്ട്, അതോടൊപ്പംതന്നെ ചില പരിഷ്കാരങ്ങളും വരുത്തിയിട്ടുണ്ട്. അങ്ങ് അതിനിടയ്ക്ക് നമ്മുടെ ട്രാൻസ്പോർട്ട് കമ്മീഷണറെക്കുറിച്ച് പറയുകയുണ്ടായി. അതൊരു ഡിസ്പ്യൂട്ടൊന്നുമല്ല, അങ്ങയുടെ പാർട്ടി ഒരു ഉത്തരവാദിത്വപ്പെട്ട പാർട്ടിയാണ്, കേരളത്തിൽ പലപ്രാവശ്യം ഭരിച്ചിട്ടുള്ള പാർട്ടിയും ഇൻഡ്യയിലെ പ്രബലമായ ഒരു രാഷ്ട്രീയ പാർട്ടിയുമാണ്. ബാക്ക് സീറ്റിലിരിക്കുന്ന ആളുകൾ സീറ്റ്ബെൽറ്റ് ധരിച്ചില്ലെങ്കിൽ അവർക്കെതിരെ കേസ്സെടുക്കാം, അറസ്റ്റുചെയ്യാമെന്ന് അങ്ങയുടെ പാർട്ടി പറഞ്ഞാൽ ഞാൻ എടുത്ത തീരുമാനത്തിൽനിന്ന് പുറകോട്ടുപോകാം.

ഇതെല്ലാം നമ്മുടെ പൊതുവായ ധാരണയുടെ ഭാഗമാണ്. ഇതൊന്നും ഒരു പാർട്ടിക്കോ ഒരു ഗവൺമെന്റിനോ വേണ്ടിയല്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, നിയമത്തിലൊന്നുമില്ലാത്തൊരു കാര്യം ഒരു ഉദ്യോഗസ്ഥൻ മുന്നോട്ടുവയ്ക്കുന്നു. അതിനുള്ള പരിഹാരമാർഗ്ഗം അദ്ദേഹത്തെ വിളിച്ച് ബോദ്ധ്യപ്പെടുത്തി പരിഹരിച്ചുകൊടുക്കുകായെന്നുള്ള താണ്. അതിനാണ് നിങ്ങൾ തയ്യാറാകേണ്ടത്. അതിന് നിങ്ങൾ തമ്മിലൊരു ശീതസമരം നടത്തി ട്രാൻസ്പോർട്ട് വകുപ്പിനകത്തൊരു പ്രശ്നമുണ്ടാക്കി തമ്മിൽ മത്സരങ്ങൾ ഉണ്ടാക്കുകയല്ല വേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അങ്ങയോട് ശാന്തമായി ഒരു കാര്യം ചോദിക്കട്ടെ. നമ്മൾ ഉൾക്കൊള്ളുന്ന ഒരു സമൂഹമില്ലേ, ഇവിടെയൊരു തീരുമാനമെടുക്കുമ്പോൾ ആ തീരുമാനത്തിൽ എന്താണ് ഈ ഗവൺമെന്റിന്റെ നിലപാട് എന്നറിയണ്ടേ, ആ നിലപാട് അറിഞ്ഞതിനുശേഷമാണ് ഇതുപോലുള്ള ഒരു ഡയറക്ഷൻ പോകുന്നതെങ്കിൽ ആ ഡയറക്ഷൻ കേരളത്തിലെ ജനങ്ങളിൽ വലിയ പ്രതിഷേധമുണ്ടാക്കും. അങ്ങനെയൊരു ഡയറക്ഷനാണ് പോകുന്നതെങ്കിൽ സ്വാഭാവികമായും നമ്മളത് അഡ്ജസ്റ്റ് ചെയ്തുപോകും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ ഇപ്പോഴത്തെ നിയമത്തിനകത്ത് പിൻസീറ്റിലിരിക്കുന്ന ആളുകൾ സീറ്റ് ബെൽറ്റ് ധരിക്കണമെന്ന് നമ്മുടെ റൂൾസിലോ കേന്ദ്ര നിയമത്തിലോ ഉണ്ടോ, എന്താണ് അതിന്റെ വസ്തുത?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേന്ദ്രനിയമത്തിലെ മോട്ടോർ വെഹിക്കിൾസ് ആക്ടിനകത്ത് 2002 മുതൽ ഈ നിയമമുണ്ട്. പക്ഷെ ആ

നിയമമുള്ളപ്പോഴും അപ്പുറത്തുമിപ്പുറത്തുമുള്ള ആളുകൾ ഗവൺമെന്റിൽ വന്നപ്പോഴും ഈ കാര്യങ്ങളൊന്നും നടപ്പാക്കിയിരുന്നില്ല. നിയമത്തിൽ നമ്മൾ സീറ്റ്ബെൽറ്റ് ധരിക്കരുതെന്ന് പറഞ്ഞിട്ടില്ലല്ലോ. പിൻസീറ്റീലിരിക്കുന്ന ആളുകൾക്ക് സീറ്റ് ബെൽറ്റ് ധരിക്കാം, ഇപ്പോൾ നാല് ആളുകൾ പിൻസീറ്റിലിരിക്കുകയാണ്, രണ്ട് സീറ്റ് ബെൽറ്റ് മാത്രമെയുള്ളൂ, അപ്പോൾ എന്തുചെയ്യാൻ സാധിക്കും? അതിനേക്കാൾ സീരിയസായ വേറൊരു പ്രശ്നമുണ്ട്. പിൻസീറ്റീലിരിക്കുന്ന അമ്മ സീറ്റ് ബെൽറ്റിടുന്നു, കുഞ്ഞിനെ മടയിൽ വയ്ക്കുന്നു, വണ്ടിയിടിക്കുന്നു, കുഞ്ഞ് തെറിച്ചുപോകുകയില്ലേ? അതിനൊരു സംരക്ഷണം വേണ്ടേ; ആ കുട്ടിക്ക് സംരക്ഷണം കൊടുക്കുന്നതിനുള്ള ഒരു മാർഗ്ഗം വേണ്ടേ? അപ്പോൾ മൊത്തത്തിൽ എല്ലാ കാര്യത്തെക്കുറിച്ചും ചർച്ചചെയ്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമുണ്ടാകുകയും അത് പ്രായോഗികമാക്കണമെന്നുമുള്ള ഒരു കാര്യം മാത്രമേ എനിക്കുള്ളൂ.

പ്രായോഗികമായിട്ടുള്ള നടപടിയെടുക്കണം. ഗവണ്മെന്റ് ഈ കാര്യത്തിലൊക്കെ ഇടപെടണ്ടേ, ജനങ്ങളുടെ പ്രശ്നങ്ങളൊക്കെ അറിയണ്ടേയെന്ന് ഇടയ്ക്കിടയ്ക്ക് നിങ്ങൾ ചോദിക്കുമല്ലോ. അതൊക്കെ അറിയണം. അപ്പോൾ ആ സൗകര്യം നമ്മൾ ഉണ്ടാക്കണം. ഇവിടെ 80 ശതമാനം കാറുകൾക്കും പിൻസീറ്റിൽ സീറ്റ് ബൽറ്റില്ല. ഇല്ലാത്ത സീറ്റ്ബൽറ്റ് ഇടണമെന്ന് നിർബന്ധിച്ചാൽ സീറ്റ്ബൽറ്റില്ലാത്തവർക്കെതിരെ എങ്ങനെ കേസെടുക്കാൻ സാധിക്കും. അതിന് ധാർമ്മികമായ എന്ത് അവകാശമാണ് നമുക്കുള്ളത്. അതുകൊണ്ട് അത് പ്രൊവൈഡ് ചെയ്യണം. അത് പ്രൊവൈഡ് ചെയ്യുന്നതി

നുവേണ്ടിയുള്ള നടപടിയെടുത്ത് അവർക്കൊരു മുന്നറിയിപ്പ് കൊടുത്ത് ഈ സൗകര്യങ്ങളുണ്ടായിരുന്നിട്ടും അത് വിനിയോഗിക്കാത്ത ആളുകളുണ്ടെങ്കിൽ അവർക്കെതിരെ നടപടി എടുക്കണമെന്നുപറഞ്ഞാൽ നമുക്ക് മനസ്സിലാക്കാം. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഈ സംവിധാനം ഇല്ല. അതാണ് ഞാൻ ചോദിച്ചത്, അത് വേണമെന്ന് നിർബന്ധപൂർവ്വം അപ്പുറത്തിരിക്കുന്നവർ ആവശ്യപ്പെടുകയാണെങ്കിൽ ഗവണ്മെന്റ് ഇത് പരിഹരിക്കാം. ഗവണ്മെന്റ് എടുത്ത നടപടി തെറ്റാണ്, പിൻസീറ്റിലിരിക്കുന്നവർ സീറ്റ്ബെൽറ്റ് ഉണ്ടെങ്കിലും ഇല്ലെങ്കിലും സീറ്റ്ബെൽറ്റ് ഇട്ടിരിക്കണം, ഇല്ലെങ്കിൽ അവർക്കെതിരെ കേസെടുക്കാമെന്ന് ഒരു തീരുമാനം നിങ്ങൾ പറഞ്ഞാൽ നമുക്ക് കേസെടുക്കാം.

<u>മി. സ്പീക്കർ:</u> ഗവണ്മെന്റിന് ഒരു കാഴ്ചപ്പാടുണ്ടാകും. അങ്ങ് പറയുന്നത് പ്രതിപക്ഷം ആവശ്യപ്പെട്ടാൽ അത് ചെയ്യാമെന്നാണ്. അത് ശരിയായ നടപടിയല്ല. ഗവണ്മെന്റിന് ഒരു തീരുമാനമുണ്ടാകണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, പ്രതിപക്ഷത്തുനിന്നും ഒരു ഡിമാന്റുവന്നപ്പോൾ ഞാൻ സ്പെസിഫിക്കായി ചോദിച്ചതാണ് പ്രതിപക്ഷത്തിന് അങ്ങനെയൊരഭിപ്രായമുണ്ടോയെന്ന്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അങ്ങ് തെറ്റിദ്ധരിപ്പിക്കരുത്. നാളെമുതൽ ആളെപിടിച്ചിട്ട് പ്രതിപക്ഷം പറഞ്ഞതുകൊണ്ടാണ് ആളെപിടിക്കുന്നതെന്ന പ്രചരണം നടത്താനാണെങ്കിൽ ഞങ്ങൾക്ക് അങ്ങനെ ഒരഭിപ്രായമില്ല. എല്ലാ കാറുകൾക്കും പിൻസീറ്റിൽ സീറ്റ്ബെൽറ്റില്ല. അപ്പോൾ ഇത് പ്രായോഗികമായി നടക്കുന്ന കാര്യമല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങ് ഇങ്ങനെ പറയുമെന്നു ധരിച്ചുകൊണ്ടുതന്നെയാണ് ഞാൻ ഇങ്ങനെയൊരു നിർദ്ദേശം ചോദിച്ചത്.

എനിക്ക് അങ്ങനെയൊരഭിപ്രായമില്ല. നിങ്ങൾ പറയുമെന്നെനിക്കൊരു പ്രതീക്ഷയുമില്ല. ഇവിടെ അപകടം കുറയ്ക്കുന്നതിനുവേണ്ടി ചില നടപടികൾ സർക്കാർ സ്വീകരിച്ചിരിക്കുകയാണ്. എല്ലാ സ്റ്റേജ് ക്യാര്യേജുകളിലും കെ.എസ്.ആർ.ടി.സി. അടക്കം സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചിട്ടുണ്ട്. സ്കൂൾ സമയത്ത് ടിപ്പർ ലോറികൾ ഓടിക്കുന്നതിന് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടാങ്കർ ലോറികൾ രാവിലെ 8 മണി മുതൽ 10 മണിവരെയും വൈകുന്നേരം 4 മണി മുതൽ 6 മണിവരെയും കോർപ്പറേഷൻ-മുനിസിപ്പൽ ഏരിയകളിൽ ഓടിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രാദേശികമായി ഇതിന്റെ ഓട്ടം ക്രമീകരിക്കാൻ ആർ.ടി.ഒ.-മാർക്ക് അവകാശം കൊടുത്തിരിക്കുകയാണ്. ടാങ്കർ ലോറി മുഖാന്തിരം അപകടമുണ്ടാകുന്നതിനെക്കുറിച്ച് അങ്ങയുടെ അടിയന്തരപ്രമേയ ത്തിന്റെ ഈ വിശദീകരണകുറിപ്പിൽ പറഞ്ഞിട്ടുണ്ട്. സ്പാർക്ക് അറസ്റ്റർ വണ്ടികളിൽ നിർബന്ധമാക്കിയിട്ടുണ്ട്. എക്സ്പ്ലോസീവ് ഡീറ്റെയിൽസ് വണ്ടിയിൽ രേഖപ്പെടുത്തണമെന്നും രണ്ട് വണ്ടികൾ തമ്മിലുള്ള ദൂരം അര കി.മീ. ആകണമെന്നും പറഞ്ഞിട്ടുണ്ട്. ഈ നിർദ്ദേശങ്ങളൊക്കെ നമ്മൾ കൊടുത്തിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ആക്ട് അനുസരിച്ച് ചെയ്യേണ്ട എല്ലാ നടപടിക്രമങ്ങളും നമ്മളെടുക്കും. കേരളത്തിലെ ആക്സിഡന്റ് കുറയ്ക്കുകയെന്നതാണ് ആവശ്യം. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ആക്സിഡന്റിന്റെ റേറ്റ് നോക്കിയപ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ ആക്സിഡന്റിന്റെ തോതുകൂടി നോക്കി. ജൂൺമാസം വരെയുള്ള കണക്കനുസരിച്ച് ഏതാണ്ട് 9 മരണം മാത്രമാണ് കെ.എസ്.ആർ.ടി.സി. വണ്ടി

തട്ടിയുണ്ടായിട്ടുള്ളത്. 9 മരണമെന്നുപറയുന്നത് വളരെ ദുഃഖകരമാണ്. പക്ഷേ നേരത്തെ അതിനേക്കാൾ കൂടുതലായിരുന്നു. ആ റേറ്റ് വളരെ താഴോട്ട്കൊണ്ടുവന്നു. അങ്ങനെയുള്ള മെച്ചപ്പെട്ട ഒരു രൂപത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അതിന് അങ്ങയുടെ ഭാഗത്തുനിന്നും പരമാവധി സഹായവും സഹകരണവും ഉണ്ടാകണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. അങ്ങ് വിശദീകരണകുറിപ്പിൽ ഒരു കാര്യം എഴുതിയിരുന്നുവെങ്കിലും സഭയിൽ അത് ഉന്നയിച്ചില്ല. എഴുതിത്തന്നതു കൊണ്ട് ഞാനത് പറയാം. ഇവിടെ മോട്ടോർ വാഹന വകുപ്പിൽ സ്ഥലം മാറ്റങ്ങൾ അഴിമതി നിറഞ്ഞതാണെന്ന് അങ്ങ് എഴുതിയിട്ടുണ്ട്. ഞാൻ ഈ സ്ഥാനത്തുവന്നിട്ട് ഒരാളിനെപ്പോലും മാറ്റിയിട്ടില്ല. നേരത്തെമാറ്റിയിട്ടുള്ള കണക്ക് ഞാൻ വേറെ വയ്ക്കാം. ഞാൻ അങ്ങ് പറഞ്ഞകാര്യം നിഷേധിക്കുകയാണ്. വേണമെങ്കിൽ അങ്ങ് പരിശോധിച്ച് നോക്കണം. ഒരു കാര്യംകൂടി ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ഏതെങ്കിലും ഒരു കാര്യത്തെകുറിച്ച് അങ്ങേയ്ക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ എഴുതിത്തന്നാൽ മതി. അത് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് വിട്ടുകൊടുക്കും. ഉപ്പുതിന്നവൻ വെള്ളം കുടിക്കണം. അതൊന്നും ഈ ഗവണ്മെന്റിന്റെ മേൽവിലാസത്തിൽ ചെയ്യാൻ ഞങ്ങൾ സമ്മതിക്കുന്ന പ്രശ്നമില്ല. ഞാനൊട്ട് ചെയ്തിട്ടുമില്ല. അങ്ങ് ഈ വിഷയം ഇവിടെ ഉന്നയിച്ചില്ലായെന്നുള്ളത് സന്തോഷകരമാണ്. എന്നാലും എഴുതിത്തന്നത് റിക്കാർഡിൽ ഉള്ളതുകൊണ്ട് ഞാനതിന് മറുപടി സൂചിപ്പിച്ചുവെന്നുമാത്രം. സിറ്റി ബസ്സുകളിലെ ബാക്ക്ഡോറിനെ സംബന്ധിച്ച് ഒരു വിവാദം നിലനിൽക്കുന്നുണ്ട്. സിറ്റി ബസ്സുകളിൽ ബാക്ക്ഡോർ വയ്ക്കണ

മെന്നൊരാവശ്യം ഉയർന്നുവന്നിട്ടുണ്ട്. അതിനുവേണ്ടിയുള്ള നടപടി എടുത്തിരിക്കുകയാണ്. റൂൾസിനകത്ത് ചില ഭേദഗതിവരുത്തണം. ആ ഭേദഗതി വരുത്തുന്നതുനുവേണ്ടിയുള്ള നടപടിയെടുക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. കെ. ശിവദാസൻ നായരാണല്ലോ ഇതാദ്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അതിന്റെ ഭാഗമായി അവസാനത്തെ തീരുമാനമെന്താണെന്നതിനെക്കുറിച്ചൊരു വ്യക്തത ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമാക്കാൻ സാധിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഏത് അവസാനത്തെ തീരുമാനത്തെക്കുറിച്ചാണ് അങ്ങ് പറഞ്ഞത്. അങ്ങ് സ്പെസിഫിക്കായി ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. എ. കെ. ബാലൻ: സർ, ബാക്ക്സീറ്റ് ബെൽറ്റ് വേണ്ട എന്നുള്ളൊരു തീരുമാനമെടുത്തല്ലോ. ആ തീരുമാനത്തിൽതന്നെ ഉറച്ചു നിൽക്കുന്നുണ്ടോയെന്നാണ് ചോദിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പൊതു അഭിപ്രായംമാനിച്ച് ഞാൻ ആ ഓർഡർ തല്ക്കാലത്തേയ്ക്ക് abeyance –ൽ വയ്ക്കാൻ പറഞ്ഞിരിക്കുകയാണ്. ഇതിനേക്കുറിച്ച് എനിക്ക് നൂറുകണക്കിന് കത്തുകളും ഫോൺകാളുകളും വരുന്നുണ്ട്. എല്ലാപേരും ഇതിന്റെ അസൗകര്യത്തെക്കുറിച്ച് പറയുന്നുണ്ട്. അച്ഛനും അമ്മയും മക്കളുമെല്ലാംകൂടി സീറ്റ് ബെൽറ്റ് സൗകര്യമില്ലാത്ത വണ്ടിയിൽ പോകുമ്പോൾ കേസെടുക്കാൻ തീരുമാനിച്ചാൽ എന്താകും സ്ഥിതി. സീറ്റ് ബെൽറ്റ് ഉള്ള വണ്ടികളിൽ അത് ഇടേണ്ടവർക്കിടാം. ഇടരുതെന്ന് നമ്മൾ പറയുന്നില്ല. അതേസമയം ഈ സൗകര്യം ഇല്ലാത്ത വണ്ടികളിൽ എന്തുചെയ്യും.

ശ്രീ. തോമസ് ചാണ്ടി: സർ, അഥവാ അങ്ങിത് നടപ്പിലാക്കുകയാണെങ്കിൽ എ.സി. റോഡിനെ അതിൽനിന്നൊഴിവാക്കണം. കാരണം ആഴ്ചയിൽ 5 വണ്ടിയെങ്കിലും വെള്ളത്തിൽപോകുന്നുണ്ട്. ആളുകൾ ഡോർ തുറന്ന് രക്ഷപ്പെടാറുണ്ട്. സീറ്റ് ബൽറ്റിട്ടാൽ ഇങ്ങനെ രക്ഷപ്പടാൻ സാധിക്കില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബാക്ക് ബൽറ്റിന്റേതല്ല ഇവിടത്തെ പ്രശ്നം. ഇവിടെ മോട്ടോർ അപകടത്തിന്റെ ഫലമായി ജീവൻ പൊലിഞ്ഞു പൊയ്ക്കൊണ്ടിരിക്കുകയാണ്. അതൊഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് ഇവിടെ പറഞ്ഞത്. അതിനുപകരം ബാക്ക് സീറ്റിന്റെയും ബെൽറ്റിന്റെയുമൊക്കെകാര്യം പറഞ്ഞ് ലഘൂകരിക്കരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഉന്നയിച്ചതുകൊണ്ട് ഞാൻ മറുപടി പറഞ്ഞതാണ്. ഇവിടെ ശ്രീ. തോമസ് ചാണ്ടി പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എ.സി. റോഡുകളിലെ വണ്ടികൾ ഒരു സൈഡിലേയ്ക്ക് വീഴുകയും ആ സൈഡിലിരിക്കുന്നവരൊക്കെ അപകടത്തിലാകുകയും ചെയ്യുന്നുണ്ട്. ഈ അടിയന്തരപ്രമേയവുമായി ബന്ധപ്പെടുത്തിയല്ലാതെ അതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം. റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള കാര്യത്തെക്കുറിച്ച് വിശദമായി നമുക്ക് ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്യാം. കേരളത്തിലെ റോഡുകളെ സുരക്ഷിതമാക്കണം. കൊലക്കളമാക്കുന്നതിനുവേണ്ടിയുള്ള സാഹചര്യമുണ്ടാകരുത്. എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം വേണം.

ശ്രീ. ജി. സുധാകരൻ: സർ, റോഡപകടങ്ങൾ ഭൂരിപക്ഷവും ഡ്രൈവർമാരുടെ അനാസ്ഥകൊണ്ടാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാണ്.

അതുകൊണ്ട് അങ്ങനെ അപകടമുണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് ക്യാൻസൽ ചെയ്യാനുള്ള നിയമം കൊണ്ടുവരുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇപ്പോൾ നമ്മുടെ മുമ്പിലുള്ള ഈ പ്രധാനപ്പെട്ട പ്രശ്നത്തിൽ ലൈസൻസ് നിർബന്ധമായും ക്യാൻസൽ ചെയ്യും. ഡ്രങ്കൺ ഡ്രൈവിംഗാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം. ഞങ്ങൾ ഇന്റർസെപ്റ്റേഴ്സ് വാങ്ങിയിരിക്കുകയാണ്. 11 ഇന്റർസെപ്റ്ററുകൾ ഇപ്പോൾ കേരളത്തിന്റെ നിരത്തുകളിലുണ്ട്. അത് 20 എണ്ണം ആക്കുന്നതിനുള്ള ശ്രമത്തിലാണ്. വണ്ടിയോടിക്കുന്ന ആൾ മദ്യപിച്ചിട്ടുണ്ടോയെന്നറിയാൻ ഊതിക്കുന്നുവെന്ന അപരിഷ്കൃതമായ ഒരു സമീപനം നടക്കുന്നതായി വിമർശനം വന്നു. അതുകൊണ്ട് ഒരു എക്കോമീറ്റർ വാങ്ങി. അതിന്റെയടിസ്ഥാനത്തിൽ വർത്തമാനം പറഞ്ഞാൽതന്നെ ഇവരുപയോഗി ച്ചിട്ടുള്ള ആൽക്കഹോളിന്റെ കണ്ടന്റ് എത്രയുണ്ട് എന്നറിയുന്നതിനു വേണ്ടിയുള്ള പ്രത്യേകമായ ഒരറേഞ്ച്മെന്റുണ്ട്. അതിനകത്തുതന്നെ പ്രിന്റ് ഔട്ട് എടുക്കും. വണ്ടി ഓടിക്കുന്ന ഡ്രൈവറുമായി സംസാരിച്ചു കഴിയുമ്പോൾ ആ പ്രിന്റ് ഔട്ട് നമ്മുടെ കയ്യിൽകിട്ടും. ആ പ്രിന്റ് ഔട്ടിൽ ഇവരുപയോഗിച്ചിരിക്കുന്ന ആൽക്കഹോളിന് എത്ര വീര്യമുണ്ടെന്ന് പ്രിന്റ് ചെയ്തവരും. അത് ആ സംസാരിച്ച ആളിനെ അപ്പോൾതന്നെകാണിച്ച് ബോധ്യപ്പെടുത്താം. അല്ലാതെ ഈ ആളിനെ മെഡിക്കൽ എക്സാമിനേഷൻ നടത്താൻ കൊണ്ടുപോയാൽ അതിനൊക്കെ ഒരുപാട് സമയമെടുക്കും.

അങ്ങനെ അപരിഷ്കൃതമായി പോകണ്ടായെന്നുകരുതി പുതിയ ഉപകരണം വാങ്ങിയിരിക്കുകയാണ്. ആ ഉപകരണം ഇപ്പോൾ പരിമിതമായേ

യുള്ളൂ. അത് ബാക്കിയുള്ള സ്ഥലങ്ങളിൽക്കൂടി വ്യാപിപ്പിക്കും. അങ്ങനെയൊരു പരിഷ്കൃതമായ സമീപനമാണുള്ളത്. അതേസമയം അപകടങ്ങൾ കുറയ്ക്കുകയും നമ്മുടെ റോഡുകൾ കൊലക്കളമാകാത്ത സാഹചര്യവും വേണം. അതിനുവേണ്ടിയുള്ള നടപടി എടുക്കും. അങ്ങു സൂചിപ്പിച്ചപോലെ ആക്സിഡന്റുണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികൾ.....അതിന് നേരത്തെ തന്നെ തീരുമാനം ഉണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, കോടതിയുടെ കാര്യമല്ല ചോദിച്ചത്. അങ്ങനെയൊരു നിയമത്തിലേക്ക് പോകുമോ എന്നാണ് ചോദിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇപ്പോൾ എക്സിക്യൂട്ടീവ് ഓർഡർ കൊണ്ടുതന്നെ അത് ചെയ്യാം. വണ്ടിയുടെ പെർമിറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ലൈസൻസ് ഇവ എക്സിക്യൂട്ടീവ് ഓർഡർ കൊണ്ടുതന്നെ ക്യാൻസൽ ചെയ്യാൻ കഴിയും. അതിനുള്ള നടപടികളെടുത്ത് അപകടം കുറയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തും.

ശ്രീ. എളമരം കരീം: സർ, ഡ്രൈവേഴ്സ് എന്ന് പറയുമ്പോൾ പ്രൊഫഷണൽ ഡ്രൈവേഴ്സ് മാത്രമൊന്നുമല്ല ലക്ഷക്കണക്കിനാളുകളാണ്. അപകടത്തിന്റെ കാര്യങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിക്കാതെ, ആക്സിഡന്റ് സംഭവിക്കുമ്പോൾ ലൈസൻസ് ക്യാൻസൽ ചെയ്യുമെന്ന് പറയുന്ന നടപടി മോട്ടോർ വെഹിക്കിൾ ആക്ടനുസരിച്ച് പാടില്ല. ജുഡീഷ്യസായി മാത്രമേ നടപടി എടുക്കാൻ പാടുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നടപടി ജുഡീഷ്യസായിരിക്കും. പക്ഷെ ഒരു പ്രശ്നമുണ്ട്. ഒരു കുറ്റം കണ്ടെത്തിയാൽ നടപടി എടുക്കേണ്ടി വരും. അതിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ സാദ്ധ്യമല്ല. വണ്ടി ഓടിക്കാൻ ലൈസൻസ് കൊടുക്കുന്നത് സെയ്ഫായ ഡ്രൈവിംഗിനാണ്. ഒരു

ruthless ഡ്രൈവിംഗ് നടത്തി ആളുകളെ ഉപദ്രവിക്കുന്നത് ശരിയല്ലെന്നുള്ള താണ് എന്റെ പക്ഷം.

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ഇന്നലത്തെ അപകടം ഡ്രൈവർ മദ്യപിച്ച് അലക്ഷ്യമായി വാഹനമോടിച്ചതുകൊണ്ട് വന്നതാണ്. ഞാൻ ഉന്ന യിക്കാൻ ശ്രമിക്കുന്ന വിഷയം വാഹന അപകടങ്ങളുമായി ബന്ധപ്പെട്ട് രജി സ്റ്റർ ചെയ്ത കേസുകളിൽ ഒരു കേസിൽപോലും പ്രതികളെ ശിക്ഷിക്കുന്നി ല്ല. കോടതിയാണ് ചെയ്യേണ്ടത്. ഞാൻ അത് സമ്മതിച്ചു. പോലീസുകാർ പല പ്പോഴും മൊഴി കൊടുക്കുമായിരിക്കും. പക്ഷെ എല്ലാ സ്വതന്ത്ര സാക്ഷികളും കൂറുമാറി പ്രതികളെ രക്ഷപ്പെടുത്തുന്ന ഒരു സമ്പ്രദായമാണ് വാഹനാപകടവു മായി ബന്ധപ്പെട്ട കേസുകളിൽ കാണുന്നത്. അതുകൊണ്ട് ഭയപ്പാടില്ലാതെ നിയമങ്ങൾ ലംഘിക്കാനുള്ള ഒരു പ്രവണത നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. വാഹനാപകടങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കർക്കശ മായി നടത്തുന്നതിന് ഒരു സംവിധാനം ഒരുക്കാൻ തയ്യാറാകുമോ?

മി. സ്പീക്കർ: ഇപ്പോൾ തന്നെ ചർച്ചയായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കെ.എസ്.ആർ.ടി.സി.യിലെ കേസുകൾ നടത്തുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ നോക്കുന്നതാണ്. ലീഗൽ ഡിപ്പാർട്ടുമെന്റും കേസ് നടത്തുന്നവരുമുണ്ട്. അവരുടെ പ്രവർത്തന ങ്ങളെക്കുറിച്ച് പരിശോധിക്കും. മറ്റ് കാര്യങ്ങളെക്കുറിച്ച് വേറെ ചർച്ചയാകാം. ഈ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ സഭ നിറുത്തിവച്ച് പ്രസ്തുത വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ.......... യഥാർത്ഥത്തിൽ ചർച്ച നടന്നു. ഏതായാലും അടിയന്തരപ്രമേയ അവതരണത്തിനുള്ള അനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, റോഡപകടങ്ങളുടെ ഗുരുതരമായ സ്ഥിതിയും അത് സൃഷ്ടിക്കുന്ന പ്രശ്നങ്ങളും ഏറെ പറയാതെതന്നെ എല്ലാവർക്കുമറിയാവുന്നതല്ലേ. ട്രാഫിക് നിയമം ലംഘിക്കുന്നതും മദ്യപിച്ച് വാഹനമോടിക്കുന്നതും അമിത വേഗതയുമെല്ലാം അപകടങ്ങൾ ഉണ്ടാക്കാറുണ്ട്. എന്നാൽ അപകടങ്ങളുടെ യഥാർത്ഥ കാരണമെന്താണ്? റോഡുകളുടെ ശോച്യാവസ്ഥയും റോഡുകളുടെ വീതികൂട്ടൽ അടക്കമുള്ള വികസനവും നടത്താത്തതല്ലേ? കഴിഞ്ഞ മൂന്നുവർഷമായി സംസ്ഥാനത്ത് ദേശീയ പാതയടക്കമുള്ള റോഡുകളുടെ വികസനത്തിന് ഈ സർക്കാർ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? കഴിഞ്ഞ ഒരു മാസത്തിനിടയിൽ തന്നെ കിഴക്കേകോട്ടയിൽ എത്ര ജീവനുകളാണ് പൊലിഞ്ഞത്. റോഡുകളുടെ ഗതികെട്ട അവസ്ഥയല്ലേ ആ ജീവനുകൾ നഷ്ടപ്പെടാനിടയാക്കിയത്? നിങ്ങളുടെ മൂക്കിനുതാഴെ ഇത്രയേറെ ദുരന്തങ്ങളുണ്ടായിട്ടും എന്തെങ്കിലുമൊരു നടപടിയെടുത്തോ? നിങ്ങളുടെ മുഖ്യപരിഗണന ഇതൊന്നുമല്ലല്ലോ? കഴക്കൂട്ടം മുതൽ കളിയിക്കാവിള വരെയുള്ള റോഡുവികസനത്തെപ്പറ്റി പറഞ്ഞു തുടങ്ങിയിട്ട് എത്ര നാളായി? നിങ്ങൾ എന്ത് ചെയ്തു? തിരുവനന്തപുരത്തെ ഒരു എം.പിയുണ്ടല്ലോ. കഴിഞ്ഞ തവണ അദ്ദേഹം കേന്ദ്രത്തിൽ മന്ത്രിയായിരുന്നു. അദ്ദേഹം തെരഞ്ഞെടുപ്പിൽ നിന്നപ്പോൾ ജനങ്ങളോട് പറഞ്ഞത് കഴക്കൂട്ടം-കളിയിക്കാവിള റോഡിന്റെ കാര്യം 'ഇപ്പോൾ ശരിയാക്കാം' എന്നാണ്. ഇതുപറഞ്ഞിട്ട് ഇപ്പോൾ കൊല്ലം ആറ് കഴിഞ്ഞില്ലേ? 'ഇപ്പോൾ ശരി

യാക്കൽ' എന്തായി? കരമന–കളിയിക്കാവിള റോഡ് വികസനം എന്തായി; കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇത് നാലുവരി പാതയാക്കാൻ തീരുമാനിക്കുകയും പണമനുവദിക്കുകയും ചെയ്തു. അതിനുശേഷം കഴിഞ്ഞ മൂന്നുവർഷമായി നിങ്ങൾ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? കേശവദാസപുരത്ത് നിന്നുള്ള എം.സി. റോഡ് വികസനപ്രവർത്തനങ്ങൾ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയതല്ലേ. അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്ന ഒരു മഴക്കാലം ഓർമ്മയുണ്ടോ ശ്രീ. ഉമ്മൻ ചാണ്ടി. അന്ന് താങ്കൾ ഇപ്പുറത്തിരിക്കുകയായിരുന്നു. താങ്കൾ അന്ന് ചെയ്തത്, കോരിച്ചൊരിയുന്ന മഴക്കാലത്ത് അൽപ്പദിവസം പണിമുടങ്ങിയപ്പോൾ അവിടെ ചാനലുകാരെ വിളിച്ചുകൊണ്ടുപോയി ഏണി വച്ച് കയറിയ ആളല്ലേ; ശ്രീ. ഉമ്മൻ ചാണ്ടിയുടെ ആ വീര്യമൊന്നും ഇപ്പോൾ എന്തേ കാണാത്തത്? ഇന്നലെ നടന്ന ധനാഭ്യർത്ഥന ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത്. ബഡ്ജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക മരാമത്ത് വകുപ്പ് ചെലവഴിച്ചുകഴിഞ്ഞു എന്നല്ലേ? ഈ പണമൊക്കെ എവിടെ പോയി? വികസനവും കരുതലും എന്ന് വായ്ത്താരിയിടുന്ന നിങ്ങൾക്ക് റോഡ് വികസനത്തിന്റെ കാര്യത്തിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? റോഡ് വികസനം വട്ടപൂജ്യമല്ലേ? ജനങ്ങളുടെ ജീവന്റെ കരുതലിന്റെ കാര്യത്തിലും വട്ടപൂജ്യം തന്നെ. കഴിഞ്ഞ ദിവസം ഒരു ഉദ്യോഗസ്ഥൻ ഒരു ഉത്തരവിറക്കി, നിങ്ങൾ അത് സഭയിൽ ഏകപക്ഷീയമായി പിൻവലിച്ചു. സർക്കാരും ഉദ്യോഗസ്ഥൻമാരും തമ്മിൽ ഏകോപനമില്ലാത്തതുകൊണ്ടല്ലേ ഇങ്ങനെ സംഭവിച്ചത്. എനിക്കതിൽ വലിയ അത്ഭുതമൊന്നുമില്ല. കേന്ദ്രത്തിൽ നിങ്ങളുടെ ആശാൻമാർ എന്താണ് ചെയ്തത്. ശ്രീ. മൻമോഹൻ സിംഗ് ഒരു ഓർഡി

നൻസ് ഇറക്കി. അത് ശ്രീ. രാഹുൽ ഗാന്ധി പിൻവലിച്ച് കീറിക്കളഞ്ഞു. അവിടെയും ഏകോപനമില്ലായ്മയല്ലേ കണ്ടത്.

മി. സ്പീക്കർ: അതും ഇതുമായി എന്താണ് ബന്ധം. അങ്ങ് പറഞ്ഞതും ഇന്നത്തെ അടിയന്തരപ്രമേയവുമായി എന്തെങ്കിലും ബന്ധമുണ്ടോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, നിയമം നടപ്പിലാക്കുന്നതിനെപ്പറ്റി പറയുകയായിരുന്നു. അവിടെയും ഇവിടെയും ഏകോപനമില്ലായ്മയല്ലേ കണ്ടത്. അതിന്റെ ചെറിയ പതിപ്പുതന്നെയല്ലേ ഇവിടെയും കണ്ടത്. ഈ സർക്കാരിന് മൂന്ന് വർഷത്തിനിടയിൽ മൂന്ന് ഗതാഗത വകുപ്പുമന്ത്രിമാരായി. വകുപ്പ് മെച്ചപ്പെടുത്താൻ വേണ്ടിയായിരുന്നു ഈ മാറ്റങ്ങൾ. നിങ്ങളുടെ പാർട്ടിക്കുള്ളിൽ കുതികാൽ വെട്ടും ചക്കളത്തിൽ പോരാട്ടവുമല്ലേ ഇതിനിടയിൽ നടപ്പാക്കിയത്. അതല്ലാതെ വകുപ്പിനോടോ ജനങ്ങളോടോ വല്ല ഉത്തരവാദിത്തവുമുണ്ടോ? ഇപ്പോൾ വണ്ടികൾ മാത്രമല്ല, ആ വകുപ്പുതന്നെ കട്ടപ്പുറത്തായിരിക്കുന്ന സ്ഥിതിയല്ലേ. ഇക്കാര്യത്തിൽ നേരത്തെ നടന്ന വിവാദത്തെപ്പറ്റിയാണ് എനിക്ക് പറയാനുള്ളത്. ബൈക്കുകൾക്ക് ഹെൽമെറ്റ് വയ്ക്കുന്നതിനെക്കുറിച്ച് തർക്കമുണ്ടായിരുന്നു.

സാധാരണ ആളുകളൊന്നും ഹെൽമെറ്റ് വയ്ക്കാതെ പോകുകയാണ്. അപ്പോൾ അതിൽ ഇടപെടണോ വേണ്ടയോ എന്ന് സംശയിച്ചുനിന്നു. അവസാനം ഹെൽമെറ്റ് വയ്ക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. അപകടങ്ങൾ വർദ്ധിച്ചതിന്റെ ഫലമായി ഹെൽമെറ്റ് വയ്ക്കണമെന്നുള്ളത് സ്വാഭാവികമായി വരികയാണുണ്ടായത്. ഗോപിനാഥ് മുണ്ടെ എന്ന കേന്ദ്രമന്ത്രി ഈ അടുത്ത കാലത്ത് മരിച്ചു, അതിന് കാരണം പിൻസീറ്റിലെ ബെൽറ്റില്ലായ്മയാണെ

ന്നാണ് പറയുന്നത്. ഇപ്പോൾ അത് വർദ്ധിക്കുകയും ഡൽഹി പ്രദേശങ്ങളി ലെല്ലാം പിൻസീറ്റിലിരിക്കുന്നവർക്ക് സീറ്റ് ബെൽറ്റ് നിർബന്ധമാക്കുകയും ചെയ്തുവെന്ന് കേട്ടു. കൂടുതൽ മരണങ്ങൾ വരുമ്പോൾ ഇവിടെയും അക്കാ ര്യത്തെ സംബന്ധിച്ച് ഒരു പൊതുചർച്ചയും അപ്പുറവും ഇപ്പുറവുമുള്ള ആളു കൾ ആലോചിച്ചിട്ട് ഇക്കാര്യത്തിൽ വേണ്ടതെന്താണെന്നുവച്ചാൽ ചെയ്യുകയാ യിരിക്കും നല്ലത് എന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും ഇക്കാര്യ ത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്, വാക്കൗട്ട് ചെയ്യുന്നില്ല. കാരണം ഇതുസംബന്ധിച്ചുള്ള യുക്തിപൂർവ്വമായ നിലപാട് – റോഡ് സംര ക്ഷിക്കുകയും ശരിയാക്കുകയുമെന്നതാണ്. അത് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതാണ്. ഗവൺമെന്റ് ചെയ്യുമെന്ന് ആശിക്കുന്നു. അതിനാൽ വാക്കൗ ട്ടില്ല.